**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1940** **29-09-2025 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ മോട്ടോർവാഹന വകുപ്പ് സ്ഥാപിച്ചിട്ടുള്ള എ. ഐ. ക്യാമറകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തു വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള എ.ഐ ക്യാമറകളിൽ റോഡ് പണികൾക്കായി ഇളക്കി മാറ്റി വെച്ച **23** എണ്ണവും, റോഡ് അപകടങ്ങളിൽ തകരാറിലായ **21** എണ്ണവും ഒഴികെയുള്ള **631** ക്യാമറകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | എത്ര നിയമലംഘനങ്ങളാണ് എ.ഐ. ക്യാമറകൾ മൂലം കണ്ടെത്താനായതെന്നും എത്ര രൂപയുടെ പിഴ ഈടാക്കിയെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഏത് ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് ഈ തുക ക്രമീകരിച്ചിട്ടുള്ളതെന്നും ഇതിന്റെ വിനിയോഗം എപ്രകാരമാണെന്നും ഇതിനോടകം പ്രസ്തുത അക്കൗണ്ടിൽ നിന്നും എത്ര തുക എന്തെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) | ജില്ല തിരിച്ചുള്ള നിയമ ലംഘനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. 30/08/2025 വരെ 222,74,93,002/- രൂപ പിഴ ആയി ലഭിച്ചിട്ടുണ്ട് .<br><br>റോഡ് ഗതാഗത നിയമ ലംഘനവുമായി ബന്ധപ്പെട്ട ഫീസുകളും പിഴകളും, സംസ്ഥാന സഞ്ചിതനിധിയിലെ റവന്യൂ വരവു ശീർഷകമായ '0041-00-102-97-മോട്ടോർ വാഹന നികുതി ആക്ട് സെക്ഷൻ 200 പ്രകാരം കോമ്പൗണ്ടിംഗ് ഫീസ് എന്നതിലാണ് ഈടാക്കിവരുന്നത്. പ്രസ്തുത തുകയുടെ 50% കേരള റോഡ് സുരക്ഷ അതോറിറ്റിക്ക് കൈമാറണമെന്ന് 2007-ലെ റോഡ് സുരക്ഷാ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (സി) | എ.ഐ. ക്യാമറ സ്ഥാപിച്ചിട്ടുള്ള ഇനത്തിൽ നിർവ്വഹണ ഏജൻസിക്കും കരാർ സ്ഥാപനത്തിനും എത്ര രൂപയാണ് സർക്കാർ നൽകിയിട്ടുള്ളതെന്നും ഏത് ഫണ്ടിൽ നിന്നാണ് ഈ തുക അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (സി) | നിർവ്വഹണ ഏജൻസിയായ കെൽട്രോണിന് **69,53,06,407/-** രൂപയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത തുക കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടിൽ നിന്നാണ് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ല** | **ചലാനുകളുടെ എണ്ണം** | **മൊത്തം പിഴ തുക** |
|---|---|---|
| തിരുവനന്തപുരം | 22,30,743 | 1,53,45,25,501 |
| കൊല്ലം | 9,66,193 | 67,64,11,501 |
| പത്തനംതിട്ട | 4,78,813 | 29,63,14,500 |
| ആലപ്പുഴ | 6,17,640 | 40,47,81,500 |
| കോട്ടയം | 5,04,567 | 30,50,88,500 |
| ഇടുക്കി | 4,77,273 | 28,81,60,750 |
| എറണാകുളം | 10,59,600 | 66,55,37,500 |
| തൃശ്ശൂർ | 7,72,232 | 48,75,29,750 |
| പാലക്കാട് | 7,55,510 | 52,48,15,250 |
| മലപ്പുറം | 9,00,676 | 61,30,38,000 |
| കോഴിക്കോട് | 10,64,422 | 66,91,10,250 |
| വയനാട് | 3,95,276 | 22,91,15,750 |
| കണ്ണൂർ | 6,27,703 | 37,49,34,500 |
| കാസർകോട് | 4,89,792 | 30,06,93,000 |
| **ആകെ** | **1,13,40,440** | **₹ 737,00,56,252** |